ബാലുശ്ശേരിയിലെ ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം

236 (1661) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീ മിഷന് കൈമാറുന്നത് സംബന്ധിച്ച നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കുടുംബശ്രീ മിഷന്റെ അഭിപ്രായം അറിയിക്കുകയോ, കേന്ദ്രം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീ മിഷന് കൈമാറുന്നത് സംബന്ധിച്ച നടപടികൾ ആരംഭഘട്ടത്തിലാണ്. 25-11-2013, 26-12-2013 എന്നീ തീയതികളിലെ ഗവൺമെന്റ് സെക്രട്ടറിതല പ്ലാൻ റിവ്യൂ മീറ്റിംഗിലെ നിർദ്ദേശാനുസരണം ടി സ്ഥാപനത്തിന്റെ ആസ്തി ബാധ്യതാ വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എപ്രകാരം പ്രസ്തുത യൂണിറ്റ് കുടുംബശ്രീ മിഷന് കൈമാറാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച വിവരങ്ങൾ കൂടി ലഭ്യമാക്കുവാൻ ഗ്രാമവികസന കമ്മീഷണർക്കും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായതിന് ശേഷമേ ഇതിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

മലപ്പുറം കുറുവ പഞ്ചായത്തിലെ സമ്പൂർണ്ണ പെൻഷൻ പദ്ധതി

237 (1662) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ നാലാം വാർഡിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് എന്നും, ആരിൽ നിന്നൊക്കെ ഏതെല്ലാം പെൻഷൻ പദ്ധതികൾക്കാണ് അപേക്ഷ ലഭിച്ചതെന്നും വിശദമാക്കാമോ ;

(ബി) ഇതിമേലുള്ള നടപടി ഏതുവരെയായെന്നും എന്നത്തേക്ക് ഇവർക്ക് പെൻഷൻ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുറുവ പഞ്ചായത്തിലെ നാലാം വാർഡിൽ 60 പെൻഷൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പെൻഷൻ അംഗീകരിച്ചവർക്ക് വിതരണത്തിനായുള്ള തുകയ്ക്ക് ഗ്രാമപഞ്ചായത്ത് റിക്വയർമെന്റ് നൽകിയിട്ടുണ്ട്. ആയതിന് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്.

മാലിന്യ സംസ്കരണ പ്രോജക്ടുകൾ

238 (1663) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വ മിഷൻവഴി മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി അനുവദിച്ച തുക വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കാമോ ;

(ബി) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണ പദ്ധതികൾ ശുചിത്വ മിഷൻ വഴി നടപ്പാക്കിയിട്ടുണ്ട് ; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത് ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്, ഓരോ പഞ്ചായത്തും ഏതൊക്കെ പ്രോജക്ടുകൾക്കായി എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇനിയും ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത് എന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ;

(ഡി) മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കാത്ത പഞ്ചായത്തുകൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉത്തരവിലൂടെ ശ്രമിച്ചത്, ഇതനുസരിച്ച് സംസ്ഥാനത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ഇ) മാലിന്യസംസ്കരണം പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാക്കുന്നതിനും, അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തുകളെ ചുമതലപ്പെടുത്തുന്നതിനും തുടർനടപടികൾ നിരീക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.